പത്രക്കുറിപ്പ്
20-4-2017

### അയൽക്കൂട്ടങ്ങളും സ്മാർട്ടാകുന്നു

## കുടുംബശ്രീക്ക് ഡിജിറ്റൽ ശാക്തീകരണം:

# 'ശ്രേഷ്ഠ' പദ്ധതിക്ക് തുടക്കമായി

തിരുവനന്തപുരം: സംസ്ഥാനത്തെ രണ്ടര ലക്ഷം അയൽക്കൂട്ടങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങളും ഡിജിറ്റലൈസ് ചെയ്യുന്ന 'ശ്രേഷ്ഠ' പദ്ധതിക്കു തുടക്കമായി. ഡിജിറ്റൽ ഇന്ത്യ സംരംഭത്തിലൂടെയും സാങ്കേതിക പരിജ്ഞാനത്തിലൂടെയും കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ബന്ധപ്പെടുത്തി പ്രവർത്തനശേഷിയും മികവും വർദ്ധിപ്പിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ നിർവഹിച്ചു.

കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ പ്രൊഫസർ മുഹമ്മദ് ഷഹീദ് അബ്ദുള്ള, കുടുംബശ്രീ തീമാറ്റിക് ആങ്കർ ഡോ.രാഹുൽ കൃഷ്ണൻ എന്നിവരുടെ മാർഗനിർദേശങ്ങളനുസരിച്ച് ഐ.ഐ.എം കൊച്ചി കാമ്പസിലെ എക്സിക്യൂട്ടീവ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായ മൃദുൽ വിജയ്, കാർത്തിക് പിള്ള, മാത്യു ടി.ജെ.എസ്, നിബു ഏലിയാസ് എന്നിവരാണ് അയൽക്കൂട്ടങ്ങൾക്കു വേണ്ടിയുള്ള വർക്ക് മാനേജ്മെന്റ് ആൻഡ് റേറ്റിംഗ് സോഫ്റ്റ്‌വെയറായ ശ്രേഷ്ഠ വികസിപ്പിച്ചത്. ഇവരുടെ സാമൂഹ്യ വികസന പദ്ധതിയുടെ ഭാഗമായാണ് കുടുംബശ്രീക്കു വേണ്ടി സോഫ്റ്റ്‌വെയർ വികസിപ്പിച്ചു നൽകുന്നത്. കുടുംബശ്രീക്ക് ഒരു വർഷത്തേക്ക് സൗജന്യമായാണ് ഇതു നൽകുന്നത്.

കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, വായ്പാ സംവിധാനം സുഗമമാക്കുക എന്നിവ ലക്ഷ്യമിട്ടാണ് പുതിയ സോഫ്റ്റ്‌വെയർ -ശ്രേഷ്ഠയുടെ രൂപകൽപന. സമ്പാദ്യവും വായ്പയും തിരിച്ചടവും ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും രജിസ്റ്ററിലും നോട്ട് ബുക്കിലും എഴുതി സൂക്ഷിക്കുന്ന പരമ്പരാഗതശൈലി തുടർന്നു വരുന്ന അയൽക്കൂട്ട പ്രവർത്തനങ്ങൾക്ക് പുതിയ മുഖച്ഛായ നൽകുന്നതാണ് പദ്ധതി. ഇതുവഴി അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗും സാധ്യമാകും എന്നതാണ് പ്രധാന സവിശേഷത.

സംസ്ഥാനത്തെ അയൽക്കൂട്ട സംവിധാനം ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ അവയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയും സുതാര്യതയും കൈവരുത്താൻ കഴിയും. സംസ്ഥാനത്തെ കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും എല്ലാ അംഗങ്ങൾക്കും വിരൽത്തുമ്പിൽ ലഭ്യമാകും എന്നതും പ്രധാന സവിശേഷതയാണ്. ഓരോ അയൽക്കൂട്ടത്തിന്റെയും ബാങ്ക് അക്കൗണ്ട്, സമ്പാദ്യം, വായ്പ, അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ തുടങ്ങിയ എല്ലാ വിവരങ്ങളും അറിയാൻ കഴിയുമെന്നതും പദ്ധതിയുടെ പ്രത്യേകതയാണ്. പ്രവർത്തന പുരോഗതി തൽസമയം വിലയിരുത്തന്നതിനും പുതിയ പദ്ധതി ഏറെ സഹായകരമാകും. പദ്ധതി നടപ്പാക്കുന്നതു വഴി ഓരോ അയൽക്കൂട്ട അംഗത്തിനും തങ്ങളുടെ പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള അവസരം ലഭ്യമാകും. കൂടാതെ ബാങ്കുകൾക്ക് കുടുംബശ്രീ അംഗങ്ങളുടെ സമ്പാദ്യശീലവും വായ്പാതിരിച്ചടവ് ശേഷിയും വിലയിരുത്തി എളുപ്പത്തിൽ വായ്പ ലഭ്യമാക്കുന്നതിനും ഇത് സഹായകമാകും. ഭാവിയിൽ കൂടുതൽ ഘടകങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കാവുന്ന രീതിയിലാണ് സോഫ്റ്റ് വെയറിന്റെ രൂപകൽപന.

ശ്രേഷ്ഠ -സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്ത വിദ്യാർത്ഥികളെ മന്ത്രി അഭിനന്ദിച്ചു. അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി സന്തോഷ്കുമാർ, കുടുംബശ്രീ ഡയറക്ടർ എൻ.കെ ജയ, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ.എസ്.സലിം എന്നിവർ പങ്കെടുത്തു.



ഫോട്ടോ; അടിക്കുറിപ്പ് – തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ ‘ശ്രേഷ്ഠം–സോഫ്റ്റ്‌വെയർ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുന്നു. അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി സന്തോഷ്കുമാർ, മാത്യു ടി.ജെ.എസ്, മൃദുൽ വിജയ്, മുദിത്, കുടുംബശ്രീ ഡയറക്ടർ എൻ.കെ ജയ സമീപം